# ACADEMY OF MEDICAL SCIENCES

## PARIYARAM- 670503, KANNUR DISTRICT, KERALA

Phone: 0497-2808080, 2808111, 121 (15 Lines), Fax: 0497-2808133
Email: pmch.pariyaram@gmail.com, Web: www. mcpariyaram.com
Recognised by MCI, Vide No. V. 11015/2/2002-ME (Policy-1) dated 09-07-2002


449/PR/Dtd 10.06.2017 പ്രസിദ്ധീകരണത്തിന്

### ബി.എസ്.സി നേഴ്സിംഗ് കോഴ്സിൽ ഓൺലൈൻവഴി അപേക്ഷ ക്ഷണിക്കും

# പരിയാരത്ത് ജി.എൻ.എം കോഴ്സിൽ 30 വരെ അപേക്ഷിക്കാം

കണ്ണൂർ : അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന് (പരിയാരം മെഡിക്കൽ കോളേജ്) കീഴിലുള്ള പരിയാരം നേഴ്സിംഗ് സ്ക്കൂളിൽ 2017-18 അധ്യയന വർഷത്തെ ജനറൽ നേഴ്സിംഗ് ആന്റ് മിഡ് വൈഫറി (ജി.എൻ.എം) കോഴ്സിൽ അപേക്ഷ സ്വീകരിക്കുന്ന അവസാനതീയ്യതി നിശ്ചയിച്ചു. ഇതുപ്രകാരം ജൂൺ 30 വരെയാണ് പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുക. 40 ശതമാനം മാർക്കോടെ പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായവർക്കാണ് ഈ തൊഴിലധിഷ്ഠിത കോഴ്സിൽ അപേക്ഷിക്കാൻ കഴിയുക. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും പരിയാരം നേഴ്സിംഗ് സ്ക്കൂൾ പ്രിൻസിപ്പാൾ ഓഫീസിൽ നിന്ന് നേരിട്ടും തപാൽ മുഖേനയും ലഭ്യമാണ്.

അപേക്ഷാ ഫോറത്തിനും പ്രോസ്പെക്ടസിനും 200 രൂപയാണ് വില. തപാലിൽ ലഭിക്കേണ്ടവർ 250 രൂപ അടക്കണം. നിശ്ചിത തുകയ്ക്കുള്ള മണിയോഡറോ ഡിമാന്റ് ഡ്രാഫ്റ്റോ പ്രിൻസിപ്പാൾ, സ്ക്കൂൾ ഓഫ് നേഴ്സിംഗ്-പരിയാരം, അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം മെഡിക്കൽ കോളേജ് പി.ഒ, കണ്ണൂർ-670503 എന്നവിലാസത്തിൽ അയച്ചാൽ അപേക്ഷാഫോറവും പ്രോസ്പെക്ടസും തപാലിൽ ലഭ്യ മാകും. തപാലിൽ അയച്ചുകിട്ടേണ്ടവർ അപേക്ഷാഫോറം ലഭ്യമാക്കേണ്ട മേൽവിലാസം പിൻകോഡ് സഹിതം പൂർണ്ണമായും രേഖപ്പെടുത്തിയിരിക്കണം.

ബി.എസ്.സി നേഴ്സിംഗ് കോഴ്സിൽ കഴിഞ്ഞദിവസത്തെ (09.06.2017) സർക്കാർ തീരുമാനമനുസരിച്ച് ഓൺലൈൻവഴി അപേക്ഷ ക്ഷണിക്കും. ഇതുപ്രകാരം അടുത്തയാഴ്ച മുതൽ വിദ്യാർത്ഥികൾക്ക് അപേ ക്ഷിക്കാൻ കഴിയുന്ന സാഹചര്യമൊരുക്കാനാണ് ശ്രദ്ധിക്കുന്നത്. **www.mcpariyaram.com** എന്ന സ്ഥാപ നത്തിന്റെ വെബ്സൈറ്റിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാണെന്നും അക്കാദമി ഓഫ് മെഡിക്കൽ സയൻ സസ് ഡയരക്ടർ അറിയിച്ചു

**(S/d)**
**ഡയരക്ടർ**
(കെ.രവി)